മലങ്കര ഇടവക പത്രിക

പുസ്തകം ൧൩ | ൧൯൦൪. ഓക്ടോബർ | ലക്കം ൧൦

മംഗളം.

വീക്ഷിക്കുന്നോൎക്കു ചിത്തേ കുതുകമധികമേററുന്നനല്പപ്രസൂനമേ!
മോക്ഷത്തിൽഭ്രാന്തിമത്തേ! ഗുണമൊഴി പ്രതിമാസം കഴിക്കുന്നതത്തേ!
ഇക്ഷോണീകാമിനൈത്ത ചപലമകലെയാക്കുന്ന വിജ്ഞാനവിത്തേ!
അക്ഷീണംപോ! ശുഭത്തെ പരിചൊടു പരമേകട്ടെ വേദത്തുരുത്തേ!

എം. എം.

പൌലോസിന്റെ മനസ്സുതിരിവു

പുറജാതികളുടെ അപ്പോസ്തോലനായ പൌലോസിന്റെ ജീവചരിത്രം ക്രിസ്ത്യാനികൾ എപ്പോഴും ധ്യാനിക്കേണ്ട ഒരു വിഷയമാകുന്നു. തന്നത്താൻ പൂൎണ്ണമായി കൎത്താവിനായി ഏല്പിച്ചുകൊടുത്തു തന്റെ നാമത്തിൽ ഇത്രവളരെ പീഡകളെ സഹിച്ച ഒരു അപ്പോസ്തോലൻ വേറെ ഉണ്ടെന്നു പറവാൻ തോന്നുന്നില്ല.

യഹൂദ മാതാപിതാക്കന്മാരിൽ നിന്നു തൎസൂസിൽ ശ്ലീഹാ ജനിച്ചു. റോമ്മാ പട്ടണാവകാശം വിലയ്ക്കു വാങ്ങിയതു കൊണ്ടു കുഡുംബത്തിൽ സാമാന്യം സ്വത്തുണ്ടായിരുന്നു എന്നു വിചാരിക്കാം. തന്റെ വിദ്യാഭ്യാസം ഊർശ്ലേമിൽ വച്ചു പ്രസിദ്ധ പണ്ഡിതനായിരുന്ന ഗമാലിയേലിൽ നിന്നു സമ്പാദിച്ചു. ന്യായപ്രമാണത്തിൻകീഴ നീതീകരണം പ്രാപിക്കാമെന്നുള്ള ബോദ്ധ്യത്തിന്മേൽ യഹൂദമാൎഗ്ഗത്തെ പുലൎത്തുവാൻ യൌവ്വനത്തിൽ വളരെ ശ്രമം ചെയ്തു. പഴയ ന്യായപ്രമാണത്തിന്റെ ശക്തിയെ കെടുത്തുവാൻ പുറപ്പെട്ട ക്രിസ്ത്യാനിമാൎഗ്ഗത്തെ നാമാവശേഷമാക്കാമെന്നു കരുതി ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ ഒട്ടും ഔദാസീന്യം കാണിച്ചില്ല. മനഃപൂൎവ്വമായി പാപത്തിലും പിശാചിന്റെ അടിമയിലും ജീവിച്ചേച്ചു ദൈവവേലക്കായി മനസ്സുതിരിഞ്ഞ ഒരു ജീവിതമല്ലായിരുന്നു പൌലോസിന്റെ ജീവിതം. സഭയെ പീഡിപ്പിച്ചപ്പോഴും ദൈവത്തിന്റെ മഹത്വത്തിനായി തന്റെ വേലയെ ഉത്തമ വിശ്വാസത്തോടുകൂടെ ചെയ്കയായിരുന്നു. എന്നത്രെ ശ്ലീഹായുടെ വിശ്വാസം. യേശു നോക്കിപ്പാൎത്തിരുന്ന മശിഹായാണെന്നു എപ്പോൾ ബോധപ്പെട്ടൊ അ

പ്പോൾ പൌലോസു തൻെറ ശിശ്രൂഷെക്കു തന്നെത്താൻ ഏല്പിച്ചു കൊടുത്തു.

ദമസ്കൊസിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനു വേണ്ടു അധികാരപത്രങ്ങളോടുകൂടെ യാത്ര ചെയ്യുമ്പോൾ വഴിമദ്ധ്യെ കൎത്താവായ യേശു അവനു പ്രത്യക്ഷനായി. മൂന്നു ദിവസം കുരുടനായിരുന്നു പ്രാൎത്ഥിക്കയും ഉപവസിക്കയും ചെയ്തു ശേഷമാണ ശ്ലീഹാ ജ്ഞാനസ്നാനവും പരിശുദ്ധാത്മാവും പ്രാപിച്ചതു. ഇതിൻെറ ശേഷം അറെബിയായിലേക്കു പോയി മൂന്നു വൎഷം അവിടെ താമസിച്ചതായി പറയുന്നു. മനസ്സുതിരിഞ്ഞ പൌലോസു ഒരു ദീൎഘകാലം ക്ഷമയോടുകൂടെ കൎത്താവിൻെറ വേലയ്ക്കായി തന്നെത്താൻ ഒരുക്കിയ ശേഷം മാത്രമെ വേലയിലേക്കു പ്രവേശിച്ചുള്ളു എന്നു കാണുന്നു. (ഗലാ. ൧. ൧൭. ൧൮.) ആദ്യത്തെ വിളിയിങ്കൽ വച്ചു കൎത്താവിനാൽ തന്നെ തൻെറ വേലെക്കു, തെരഞ്ഞെടുക്കപ്പെട്ടു എങ്കിലും അനനിയാസു എന്നൊരു പട്ടക്കാരനാൽ ജ്ഞാനസ്നാനപ്പെടുത്തുകയും കൈവച്ചു ആത്മവരത്തെ കൊടുക്കയും ചെയ്തതിനാൽ ദൈവത്തിങ്കൽനിന്നു നേരിട്ടു വിളിക്കപ്പെട്ടിരുന്നാലും പട്ടക്കാരുടെ കൈകളിൽനിന്നു വിശുദ്ധ കൂദാശയെ കൈക്കൊള്ളാതെ ക്രിസ്ത്യാനിയാകുവാൻ പാടില്ലെന്നു വെളിപ്പെടുന്നു.

അറെബിയായിലെ താമസത്തിൽ വച്ചു കൎത്താവിൽ നിന്നു പല വെളിപാടുകൾ പൌലോസിനു ഉണ്ടായി എന്നു വിചാരിക്കാൻ ന്യായമുണ്ടു. വിശുദ്ധ കുൎബാനയെക്കുറിച്ചുള്ള രഹസ്യം കൎത്താവിൽനിന്നു ഞാൻ പരിഗ്രഹിച്ചു എന്നു ശ്ലീഹാ പറയുന്നു. (൧ കോറ. ൧൧. ൨൩) ഇത്ര സാരമായി ആ രഹസ്യം വെളിപ്പെടുത്തിക്കൊടുത്തതുകൊണ്ടു കുൎബാനയുടെ മാഹാത്മ്യവും കാണിച്ചിരിക്കുന്നു. കൎത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയൊ എല്ലാവരിലും ഒടുക്കം അവൻ എനിക്കു പ്രത്യക്ഷനായി എന്നും മറ്റും ശ്രു: ശ്ലീഹാ എഴുതിയിരിക്കുന്നതിനാൽ വെറും സ്വപ്നമൊ ദൎശനമൊ മാത്രമല്ല, ഉയിൎത്തെഴുനേററ യേശുവിനെ പ്രത്യക്ഷത്തിങ്കൽ അവൻ കണ്ടു എന്നാണു പറയുന്നതു. തൻെറ കാഴ്ച കൎത്താവിൻെറ ഉയിൎപ്പിനും സുവിശേഷസത്യത്തിനും ഒരു കൂടുതൽ തെളിവായിതീൎന്നു. പിന്നീടുള്ള പൌലൂസിൻെറ ജീവിതവും കൎത്താവിൻെറ നാമത്തിൽ കഷ്ടതകളും പീഡകളും അളവില്ലാതെ സഹിച്ചുംകൊണ്ടു പ്രസംഗകനായിരുന്നു. തന്നെ മുഴുവനായി കൎത്താവായ യേശുമശിഹാക്കു ഏല്പിച്ചുകൊടുത്തു എന്നുള്ളതാണ ശ്രു: പൌലൂസിൻെറ ജീവചരിത്രം മുഴുവൻ തെളിയിക്കുന്ന ഒരു വലിയ പാഠം. ഒട്ടും പിടിക്കാതെ മുഴുവനായി ഏല്പിച്ചുകൊടുത്തു. കൎത്താവെ ഞാൻ എന്തു ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നു എന്നായിരുന്നു അവൻെറ ചോദ്യം. ഇങ്ങനെ ഏല്പിച്ചുകൊടുത്തതിനാൽ എല്ലാവരേയും കാൾ അധികം ഞാൻ വേല ചെയ്തു എങ്കിലും ഞാനല്ലാ എനിക്കു ന

ൽകപ്പെട്ട ദൈവത്തിന്റെ കൃപയത്രെ എന്നും ഒരു നല്ല ഓട്ടം ഞാൻ ഓടി വാടിപ്പോകാത്ത കിരീടം ഇനിക്കായി ഒരുക്കിയിരിക്കുന്നു എന്നും ധൈൎയ്യസമേതം പറവാൻ അവന്നു ഇടയായി.

വായനക്കാരാ! നീ വലിയ നോമ്പിന്റെ അവസാനത്തിൽ പ്രവേശിച്ചിരിക്കുന്നു. ഉപവാസവും പ്രാൎത്ഥനയും ശുദ്ധ: പൌലൊസിനെ തന്നത്താൻ കൎത്താവിനായും ഏല്പിച്ചുകൊടുക്കുവാൻ ഒരുക്കിയതുപോലെ നിന്റെ നോമ്പും പ്രാൎത്ഥനയും നിന്നെ ഒരുക്കീട്ടുണ്ടോ എന്നു തന്നത്താൻ ശോധന ചെയ്ക. ഇല്ലെങ്കിൽ ഈ വിശുദ്ധ ശ്ലീഹായെ നീ കണ്ടുപഠിക്ക.

"ഇടവിടാതെ പ്രാൎത്ഥിപ്പിൻ".

(൧. തെസ്സ- ൫. ൧൭)

പ്രിയരെ! പ്രാൎത്ഥനയെന്നാൽ എന്തു? പ്രാൎത്ഥന എന്നതു ഒരു മനുഷ്യനെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നതിനുള്ള ഒരു ഉത്തമ വഴികാട്ടിയത്രെ. പ്രാൎത്ഥന മാനുഷിക പ്രവൃത്തി അല്ല. എന്നാലൊ അതു പരിശുദ്ധാത്മാവിൻ പ്രവേശനത്താലുള്ളതാകുന്നു. പ്രാൎത്ഥിക്കേണ്ടതു എങ്ങിനെ? ഈ ചോദ്യത്തിനു രണ്ടു ശരിയായ ഉത്തരങ്ങൾ വേദത്തിൽ നിന്നും കാണുന്നുണ്ടു. ഒന്നാമത്തെ ഉത്തരം വിശുദ്ധ മത്തായി ൬. ൬-ൽ കാണുന്നതും രണ്ടാമത്തേതു നമ്മുടെ പ്രസ്തുത വാക്യവുമത്രെ.

എന്നാൽ ഈ രണ്ടു ഉത്തരങ്ങൾ തമ്മിലുള്ള സംബന്ധത്തെപ്പറ്റി സ്വല്പം ചിന്തിക്കാം. ആദ്യത്തേതു കൎത്താവേശു തന്റെ ശിഷ്യന്മാരോടു, കപടഭക്തിക്കാരെപ്പോലെ മനുഷ്യൎക്കു കാണ്മാനായിട്ടു മാത്രം പ്രാൎത്ഥിക്കുന്നവരാകരുതെന്നും, അവരിൽ നിന്നും ഏറ്റവും വ്യത്യാസമുള്ളതായ ഒരു പ്രാൎത്ഥനയാണു ആവശ്യമുള്ളതെന്നു, ഉപദേശിക്കുന്നതാകുന്നു.

രണ്ടാമത്തേതു, ആത്മികജീവൻ പ്രാപിച്ചിരിക്കുന്നവർ എല്ലായ്പോഴും ദൈവത്തിങ്കലുള്ളതായ നല്ല ധ്യാനത്തിൽ (ഇടവിടാതെയുള്ള പ്രാൎത്ഥനയിൽ) ഉൾപ്പെട്ടിരിക്കണമെന്നു കാണിക്കുന്നു. എന്തെന്നാൽ ആത്മികജീവൻ പ്രാപിച്ചിരിക്കുന്നവർ അതായതു മശിഹാ കൈക്കൊണ്ടിരിക്കുന്നവർ ഈ പ്രകാരമുള്ള സകല സൽഗുണങ്ങളിലും ഉൾപ്പെട്ടിരിക്കണമെന്നുള്ളതും ദൈവഹിതമാകുന്നു. (൧. തെസ്സ ൫. ൧൮)

ഇനിയും, പ്രാൎത്ഥന എങ്ങിനെ ഉള്ളതായിരിക്കണം എന്നു നമുക്കു നോക്കാം. അതു നല്ല എരിവുള്ളതും വിനയത്തോടുകൂടിയും ഭക്തിയിൽ നിന്നുള്ളതും ആയിരിക്കണം. അല്ലാത്ത പ്രാൎത്ഥനകൾക്കു യാതൊരു ഫലപ്രാപ്തിയും ഉണ്ടാകുന്നതല്ല. ദൃഷ്ടാന്തമായി ചുങ്കക്കാര

നേയും, പരിശനേയും നോക്കുക! ഒരു സത്യ പ്രാർത്ഥനയുടെ മാതൃക ചുങ്കക്കാരനിൽ നിന്നും പഠിക്കാം. അവൻ പിടിച്ചുപറിക്കാരനും അക്രമിയുമായിരുന്നിട്ടും അവന്റെ പ്രാർത്ഥനയാൽ അവൻ നീതികരിക്കപ്പെട്ടു. നേരെ മറിച്ചു പരിശനെ നോക്കുക! അവൻ തന്റെ ഗുണങ്ങളെ ഒക്കെയും പുകഴ്ത്തിയും തന്റെ സ്വയത്തിൽ ആശ്രയിച്ചു, ചുങ്കക്കാരനെ വളരെ ആക്ഷേപിച്ചിട്ടുമുള്ളതായ ഒരു പ്രാർത്ഥനയാണു നടത്തിയതെന്നു നാം കാണുന്നു. കാഴ്ചപ്രകാരം ചുങ്കക്കാരൻ ഒരു പാപിയും പരിശൻ ഒരു നീതിമാനായിട്ടല്ലൊ ഇരുന്നതു. എങ്കിലും പിന്നീടു (പ്രാർത്ഥനയുടെ ശേഷം) ചുങ്കക്കാരന്റെ പ്രാർത്ഥനയ്ക്കു ഫലസിദ്ധിയുള്ളതായും പരിശന്റേതിനു അവന്റെ സ്വന്ത പുകഴ്ചയൊഴിച്ചു യാതൊരു പ്രയോജനമില്ലാത്തതുമായിട്ടാണല്ലൊ ഭവിച്ചതു. അതിനാൽ ദൈവം സത്യാന്തരംഗത്തെ മാത്രം ആഗ്രഹിക്കുന്നുവെന്നും ആത്മപ്രശംസയുള്ളവരെ അവൻ വെറുക്കുന്നുവെന്നും നമുക്കു വിചാരിക്കാം.

ഇതിനെക്കുറിച്ചു "താഴ്മയുള്ളവരെ അവൻ (ദൈവം) ദൂരത്തുനിന്നു തന്നെ അറിയുന്നുവെന്നും, ഉന്നതഭാവവും നിഗള ഹൃദയവുമുള്ളവരെ അവൻ സമ്മതിക്കയില്ലായെന്നും സങ്കീർത്തനക്കാരനും പറയുന്നു. ആയതുകൊണ്ടു തന്നെത്താനെ കീഴ്പ്പെടുത്തി വിനയത്തോടുകൂടിയ ഒരു പ്രാർത്ഥന ഏറ്റവും ആവശ്യം. കൂടാതെ ദൈവം അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവനാകയാൽ യാതൊരു അസത്യവും, വഞ്ചനയും മനസ്സിൽ വച്ചുംകൊണ്ടു നാം പ്രാർത്ഥിച്ചുകൂടാത്തതുമാകുന്നു. ഒരു പുത്രൻ തന്റെ പിതാവിനോടെങ്ങിനെയൊ അപ്രകാരം നമുക്കും ദൈവത്തോടു യാചിക്കാം. പ്രാർത്ഥനയിൽ നമുക്കുള്ള ധൈര്യം "ചോദിപ്പിൻ നിങ്ങൾക്കു തരപ്പെടും" എന്നുള്ള തന്റെ വാഗ്ദത്തമത്രെ. താൻ വാഗ്ദത്തത്തിൽ വിശ്വസ്തനാകയാൽ നാം തന്നോടു ഏതിനെ യാചിക്കുന്നുവൊ ആയതിനെ നമുക്കു നൽകുവാൻ താൻ സന്നദ്ധനാകുന്നു.

ഇനിയും ഒരു സത്യപ്രാർത്ഥനയാലുള്ള ഫലങ്ങൾ എന്തെല്ലാമെന്നു ചിന്തിക്കാം. (൧) ഒരു സത്യ പ്രാർത്ഥനയാൽ നാം ദൈവത്തോടു സമീപിക്കുന്നു.

(൨) ഒരു സത്യപ്രാർത്ഥനയാൽ അസാദ്ധ്യമെന്നു തോന്നുന്ന വളരെ കാര്യങ്ങൾ സാധിക്കുന്നു.

(൩) പ്രാർത്ഥനയുള്ളവൻ പാപത്തെ വിട്ടുമാറുന്നു.

(൪) പ്രാർത്ഥനയാലല്ലാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല.

൧. "ഒരു സത്യപ്രാർത്ഥനയാൽ നാം ദൈവത്തോടു സമീപിക്കുന്നു" ഇവിടെയും നമുക്കു ചുങ്കക്കാരനെത്തന്നെ ദൃഷ്ടാന്തപ്പെടുത്താം.

അവൻ ദ്രവ്യാഗ്രഹിയും പിടിച്ചുപറിക്കാരനും, അക്രമപ്രവൃത്തിക്കാരനും, തന്മൂലം ദൈവത്തോടു അടുപ്പാൻ പോലും യോഗ്യതയില്ലാത്തവനുമായിട്ടാണല്ലൊ പുറംകാഴ്ചയ്ക്കു തോന്നിപ്പോയതു. കൂടാതെ പറീശൻ തന്നെ ചുങ്കക്കാരനെ വളരെ നിന്ദ്യമാക്കിയിട്ടു പ്രാർത്ഥിക്കുന്നതായും വെളിപ്പെടുന്നു. (ലൂക്കൊ ൧൮. ൧൧)

ഇപ്രകാരം ചുങ്കക്കാരൻ ഒരു നികൃഷ്ട പാപിയാണെന്നു എല്ലാവരാലും വിശ്വസിച്ചുപോന്നിരുന്നു. ഇവ്വിധം ഒരു വലിയ പാപിയായ ഒരാൾ ഇത്ര ക്ഷണത്തിൽ നീതീകരിക്കപ്പെട്ടതെങ്ങിനെ (അല്ലെങ്കിൽ ദൈവത്തോടു സമീപിച്ചതെങ്ങിനെ) എന്നാണു നമുക്കു ആലോചിപ്പാനുള്ളതു. ആയ്തു അവൻ തന്നെത്തന്നെ ഒരു നികൃഷ്ടപാപിയെന്നു കാണുകയും, തദനുസരണം തന്നെത്താൻ താഴ്ത്തുകയും ചെയ്തതിനാലത്രെ. (ലൂ ൧൮. ൧൩) അതിനാൽ "തന്നെത്താൻ താഴ്ത്തുന്നവനാരൊ ആയവൻ ഉയർത്തപ്പെടും എന്നുള്ള ദൈവഹിതം അവനിൽ നിവൃത്തിക്കുന്നു. അവൻ പറീശനെപ്പോലെ വളരെ ദൈർഘ്യമുള്ളതായ ഒരു പ്രാർത്ഥന കഴിച്ചില്ല. എന്നാലൊ അവൻ തന്റെ ഉള്ളം തകർന്നു തന്റെ മാറത്തു അടിച്ചുംകൊണ്ടു "ദൈവമെ മഹാപാപിയായ എന്നോടു കരുണയുണ്ടാകണമെ" എന്നു നാലുവാക്കുമാത്രം ഉച്ചരിച്ചു, അതിനാൽ അതുവരെയും ദൈവത്തോടു അടുപ്പാൻ പോലും അയോഗ്യൻ എന്നു ഗണിക്കപ്പെട്ടിരുന്നവൻ അപ്പോൾ തന്റെ സ്വന്ത പുത്രനായിത്തീർന്നു. ഇതിൽനിന്നു ഒരു സത്യപ്രാർത്ഥനയാൽ നാം ദൈവത്തോടു സമീപിക്കുന്നു എന്നു പഠിച്ചുവല്ലൊ.

൨. ഒരു സത്യപ്രാർത്ഥനയാൽ അസാദ്ധ്യമെന്നു തോന്നുന്ന വലിയ കാര്യങ്ങൾ സാധിക്കുന്നു. ഇതിനും നമുക്കു ചില ദൃഷ്ടാന്തം ആവശ്യംതന്നെ. എല്ക്കാനായുടെ ഭാര്യയായ ഹന്നായെ നോക്കുക! എല്ക്കാനാ അവളെ വളരെ സ്നേഹിച്ചിരുന്നു. എന്നാൽ യഹോവാ അവളുടെ ഗർഭത്തെ അടച്ചിരുന്നു. അവൾ അധൈര്യപ്പെടാതെ ശീലോയിൽ യഹോവായുടെ ഭവനത്തിൽ പോയി തന്നോടു പ്രാർത്ഥിച്ചു അതു എങ്ങിനെയുള്ള പ്രാർത്ഥന ആയിരുന്നു? അതു നിർബന്ധവും മനസ്സു പൊടിഞ്ഞുള്ളതുമായ ഒരു സത്യപ്രാർത്ഥന ആയിരുന്നു. (൧. ശമു. ൧. ൧൦) ഈ പ്രാർത്ഥന കഴിച്ചതിന്റെ പിന്നെ അവളുടെ ഇഛ അനുസരിച്ചു അവൾക്കു ഒരു പുത്രൻ ജനിക്കയും ചെയ്തു. ഹാ! അസാദ്ധ്യമെന്നു തോന്നിയതായ ആ കാര്യം എത്ര എളുപ്പത്തിൽ സാധിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം പ്രാർത്ഥനയാൽ അനേകകാര്യങ്ങൾ പലരും സാധിച്ചിട്ടുണ്ടു. അതിനാൽ ഒരു സത്യപ്രാർത്ഥനയാൽ, അസാദ്ധ്യമെന്നു തോന്നുന്നതായ കാര്യങ്ങൾ നമുക്കും എളുപ്പത്തിൽ സാധിക്കാവുന്നതാകുന്നു. ദൈവത്തിൽ വിശ്വസിക്ക മാത്രം ചെയ്ക. അവന്റെ ശക്തി, ശക്തിഹീനതയിൽ നിവൃത്തിക്കുന്നു. അവൻ ബലമില്ലാത്തിടത്തു ബലത്തെ പ്രവൃത്തിക്കുന്നു. ഇപ്രകാരമൊക്കെയും

ദൈവത്തെപ്പറ്റി ഹന്നാ വിശ്വസിച്ചു. ഇവ്വണ്ണമുള്ള ഒരു വിശ്വാസധൈൎയ്യമാണു നമുക്കു വേണ്ടതു.

൩. പ്രാൎത്ഥനയുള്ളവൻ പാപത്തെ വിട്ടുമാറുന്നു. നേരെമറിച്ചു പ്രാൎത്ഥനയില്ലാത്തവനൊ പാപത്തെ വൎദ്ധിപ്പിക്കുന്നു. സാത്താനിൽ നിന്നാണല്ലൊ സകല ദുഷ്ടതകളും പാപവും ഉത്ഭവിക്കുന്നതു. അതുകൊണ്ടാണു ഉപവാസത്താലും പ്രാൎത്ഥനയാലുമല്ലാതെ ഈ ജാതി (പൈശാചികഗണം) ഒഴിഞ്ഞുപോകയില്ലെന്നു കൎത്താവു കല്പിച്ചിരിക്കുന്നതു. ഇതിൽനിന്നു പിശാചിനോടെതിൎക്കുന്നതിനു പ്രാൎത്ഥനയെന്ന ആയുധം വളരെ ഉപയോഗമുള്ളതാകുന്നു എന്നു നമുക്കു പഠിക്കാം. ഒരുത്തൻ — ഒരു ക്രിസ്ത്യാനി ഈ ആയുധത്തെ എപ്പോൾ ഉപയോഗിക്കാതിരിക്കുന്നുവൊ അപ്പോൾ അവൻ പിശാചിന്റെ അധീനതയിൽ ആയിപ്പോയി എന്നുള്ളതു പരമസത്യമാകുന്നു. ഒരാൾക്കു തന്റെ നിത്യ ഉപയോഗത്തിലിരിക്കുന്നവയായ ഭക്ഷണപാനീയങ്ങളിൽ എപ്പോൾ വിരക്തി ഉണ്ടാകുന്നുവൊ അപ്പോൾ ആയവൻ ഏതോ രോഗത്താൽ പീഡിതനായിരിക്കുന്നുവെന്നുള്ളതു സ്പഷ്ടം. ഇതുപോലെ പ്രാൎത്ഥനയും ഒരു ക്രിസ്ത്യാനിയുടെ ആത്മികഭക്ഷണത്തിൽ വെച്ചു ഏറ്റവും പ്രാധാന്യമുള്ള ഒന്നാകുന്നു. അതിനാൽ ഇതിനെ നാം ഒരിക്കലും മുടക്കിക്കൂടാത്തതാകുന്നു.

൪. പ്രാൎത്ഥനയാലല്ലാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. കൎത്താവേശുമ്ശിഹാ തന്നെയും പരസ്യശുശ്രൂഷയിൻ ശേഷം പല സ്ഥലത്തുവെച്ചും പ്രാൎത്ഥിച്ചതായി നാം വായിക്കുന്നു. സൎവ്വസൽഗുണസമ്പൂൎണ്ണനായിരിക്കുന്ന താൻ തന്നെയും — നമ്മുടെ രക്ഷകനും ഗുരുവുമായിരിക്കുന്ന താൻ തന്നെയും ഇപ്രകാരം പ്രാൎത്ഥിച്ചിരിക്കുന്ന സ്ഥിതിക്കു ഏറ്റവും ഹീനന്മാരും പുഴുക്കളുമാകുന്ന മൺമയന്മാരുമായിരിക്കുന്ന നാം തന്നെ (മശിഹായെ) അനുകരിക്കേണ്ടതു നമ്മുടെ മുഖ്യകടമയാകുന്നു. കൂടാതെ തന്റെ ശിഷ്യന്മാരെ താൻ സ്വൎഗ്ഗപ്രാൎത്ഥന പഠിപ്പിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഒരിക്കൽ താൻ ശിഷ്യന്മാർ ഉറങ്ങുന്നതായ സമയത്തിങ്കൽ ഉണൎന്നിരുന്നു പ്രാൎത്ഥിപ്പിൻ എന്നു താൻ അവരോടു ബുദ്ധിയുപദേശിക്കയും ചെയ്യുന്നു. ഇപ്രകാരം പിശാചിനോടെതിൎത്തു ദൈവപ്രസാദത്തെ ലഭിക്കുന്നതിനുള്ള ഏകവഴി പ്രാൎത്ഥനയാണെന്നു മശിഹാ നമ്മെ പല കാൎയ്യങ്ങൾ മുഖാന്തിരം പഠിപ്പിച്ചിരിക്കുന്നു. പ്രിയരെ! ഈ ഏകവഴിയിൽ കൂടിത്തന്നെ നാമും നടക്കാം. നാം പ്രാൎത്ഥനയെ മുടക്കുന്നതായാൽ ദൈവപ്രസാദം നമ്മിൽ ഇല്ലായെന്നുള്ളതു നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട ഒരു കാൎയ്യമാകുന്നു. എന്നുതന്നെയുമല്ലാ നാം ക്രമേണ പിശാചിന്റെ അടിമകളായി തീരുകയും ചെയ്യുന്നു. അതുകൊണ്ടു പ്രാൎത്ഥനയെ നാം ഒരിക്കലും കൈവിട്ടുകളയരുതാത്തതാകുന്നു.

ഇനിയും നമുക്കു അറിവാനുള്ളതു ഇടവിടാതെ പ്രാൎത്ഥിക്കുന്നതു എങ്ങിനെ എന്നുള്ളതാകുന്നു. ഇടവിടാതെ പ്രാൎത്ഥിക്കുന്ന കാൎയ്യത്തെപ്പററി ചിലൎക്കു വളരെ പ്രയാസമെന്നു തോന്നിയേക്കാം. എന്നാൽ അങ്ങിനെ അല്ലാ. ഇടവിടാതെ പ്രാൎത്ഥിക്കുന്നതു നമുക്കു എല്ലാവൎക്കും സാധിക്കാവുന്ന കാൎയ്യമാകുന്നു.

ഇടവിടാതെ പ്രാൎത്ഥിച്ചുവന്നവളായ ഒരു പെൺകുട്ടിയുടെ കഥയെ ചുരുക്കത്തിൽ ഞാൻ നിങ്ങളോടു പറയട്ടെ. അവൾ വസ്ത്രം ഉടുക്കുന്നതായ സമയത്തിങ്കൽ, കൎത്താവെ! ഞാൻ ഏതു പ്രകാരം ഈ നാശമുള്ള വസ്ത്രത്തെ ഉടുക്കുന്നുവൊ അപ്രകാരം നിന്റെ നാശമില്ലാത്ത സ്വൎന്നീതിയങ്കി എന്നെ ധരിപ്പിക്കേണമെ എന്നു പ്രാൎത്ഥിക്കും. അവൾ ഭക്ഷണം കഴിക്കുന്നതായ സമയത്തിങ്കൽ കൎത്താവെ! ഞാൻ ഏതു പ്രകാരം എന്റെ ജഡത്തെ പോഷിപ്പിക്കുന്നുവൊ അപ്രകാരം എന്റെ ആത്മാവിന്റെ പോഷണമാകുന്ന ഭക്ഷണത്താലും നീ എന്നെ തൃപ്തിയാക്കേണമെ എന്നു പ്രാൎത്ഥിക്കും. അവൾ കുളിക്കുന്നതായ സമയത്തിങ്കൽ ഈ പ്രകാരം പ്രാൎത്ഥിക്കും. കൎത്താവെ ഞാൻ ഏതു പ്രകാരം ഈ വെള്ളം കൊണ്ടു എന്റെ ദേഹത്തിലെ അഴുക്കു കഴുകി കളയുന്നുവൊ അപ്രകാരം നിന്റെ വിശുദ്ധ രക്തംകൊണ്ടു എന്റെ പാപക്കറകളെ കഴുകി വെടിപ്പാക്കേണമെ. ചുരുക്കിപ്പറഞ്ഞാൽ ഇങ്ങിനെ അവളുടെ ഓരോ ജോലിയിൽ ഇരുന്നുംകൊണ്ടു അവൾ പ്രാൎത്ഥിച്ചുവന്നിരുന്നു. ഈ വിധത്തിൽ നമുക്കും ഇടവിടാതെ പ്രാൎത്ഥിക്കാം. എന്തെല്ലാം ജോലികൾ ഇരുന്നാലും നമുക്കും ഇടവിടാതെ പ്രാൎത്ഥിപ്പാൻ കഴിയും എന്നുള്ളതു മേൽപറഞ്ഞ പെൺകുട്ടിയുടെ കഥയിൽനിന്നു നാം അറിഞ്ഞുവല്ലൊ. അതിനാൽ ഈ പ്രകാരം നാം പ്രാൎത്ഥിക്കയെന്നുവന്നാൽ നമ്മുടെ ആത്മീക ജീവൻ ദിവസേന വളൎച്ചയെ പ്രാപിക്കയും തന്നിമിത്തം ജഡത്തിന്റെ മോഹങ്ങളെ നിവൃത്തിക്കാതിരിക്കയും ചെയ്യും.

പി. ജി. എസ്സ്

പാപം ചെയ്യാതെ ജീവിക്കുന്നതു എങ്ങിനെ

പാപം ചെയ്തു ശീലിച്ചുപോയതുകൊണ്ടൊ അങ്ങിനെ ജീവിപ്പാൻ കഴികയില്ലെന്നുള്ള മുൻവിധികൊണ്ടൊ പാപം ചെയ്യാതെ ഒരുത്തനും ലോകത്തിൽ ജീവിപ്പാൻ അസാദ്ധ്യമെന്നു പലരും പറഞ്ഞുവരുന്നു. മുന്തിരിവള്ളിയുടെയും കൊമ്പുകളുടെയും ഉപമകൊണ്ടു എത്രയും ലളിതമാംവണ്ണം ഇതിന്റെ രഹസ്യത്തെ കൎത്താവു നമ്മെ പഠിപ്പിക്കുന്നു. "എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല." ഫലം കായിക്കുന്നതിനു വള്ളിയും വള്ളിക്കു കൊമ്പും ആവശ്യമായിരിക്കുന്നു. ഒന്നിനെ കൂടാതെ മറേറതിനു തനിച്ചു ഫലം കാ

യ്യാൻ കഴിവില്ലാതിരിക്കുന്നപ്രകാരം തന്നിൽ തന്റെ ശിഷ്യന്മാരും ശിഷ്യന്മാരിൽ താനും ആശ്രയിച്ചിരിപ്പാൻ തക്കവണ്ണം തന്നെ ആക്കിയിരിക്കുന്നു. തനിക്കു തന്റെ ശിഷ്യന്മാരെ കൂടാതെ തന്റെ അനുഗ്രഹത്തെ ലോകത്തിനു വിഭാഗിച്ചു കൊടുപ്പാൻ കഴികയില്ല. ഇങ്ങനെ പരസ്പരം ആശ്രയിച്ചിരിക്കുമ്പോൾ നീതിയിൻ ഫലങ്ങളെ അല്ലാതെ പാപം ചെയ്വാൻ കഴികയില്ല. ഈ ആശ്രയത്തിൽനിന്നു ഏതൊരു ക്രിസ്ത്യാനി മാറുന്നുവൊ ആ വിനാഴിക തോൽവിയുടേയും വീഴ്ചയുടെയും സമയം എന്നല്ലാ ശക്തിയോടെ പാപം ചെയ്യുപോകുന്നതായവിനാഴിക അതുതന്നെയാകുന്നു. അതിനാൽ വിനാഴികതോറും ഏതു സമയത്തും എവിടെയും എല്ലാ ജോലിയിലും ശരിയായിജീവിപ്പാൻ ശീലിക്കേണ്ടതാകുന്നു. നിനക്കു ഏതു നിമിഷം ജീവനോടിരിപ്പാൻ കിട്ടുന്നുവൊ അതിനെ സൂക്ഷിക്കൊള്ളുക. പിന്നത്തെ നിമിഷം നിന്റെ സ്വാധീനത്തിൽ വരുമെങ്കിൽ അതിനേയും കൂടെ. മൂന്നാമത്തെ നിമിഷം വരുമെങ്കിൽ അതും കൂടെ. ഇങ്ങനെ ഓരോനിമിഷത്തെയും വിനാഴികയെയും നാഴികയേയും ദിവസങ്ങളെയും ആഴ്ചകളെയും മാസങ്ങളെയും ആണ്ടുകളേയും സൂക്ഷിക്കാം. ഈ ലളിതമായ പ്രമാണത്തെ ആചരിക്കുന്ന ഏവനും പാപം ചെയ്യാതെ ജീവിക്കാം. ഇതിനെ ഒന്നു പരീക്ഷിച്ചുനോക്കുക. ഏതു വ്യാപാരം- ഉദ്യോഗം- അദ്ധ്യാപനം- പഠിത്വം- ഇവ എല്ലാം വിനാഴികതോറും സൂക്ഷ്മതയോടു കൂടെ നടത്തുക. യാതൊന്നും സാഹസത്തോടും ധൃതിയോടും ചെയ്യാതിരിക്ക- ഒരു സമയവും ദൈവാശ്രയത്തിൽനിന്നു വേർപെടാതെയിരിക്ക. നീ ചെയ്വാൻ പോകുന്നതൊ പറവാൻ പോകുന്നതൊ ആയ ഏതു സംഗതിയും ദൈവ ഇഷ്ടത്തിനു യോഗ്യമൊ എന്നു ആദ്യമെ ചിന്തിക്ക- തനിച്ചു നില്ക്കുന്ന ഒരു മാത്ര നേരമെങ്കിലും ഉണ്ടെങ്കൽ അതു വീഴ്ചയുടെ മാത്രയെന്നു ഉറച്ചു കൊൾക.

അതിനാൽ സത്യമുള്ള മുന്തിരിവള്ളിയാകുന്ന യേശുവിൽ അധിവസിക്കുന്ന ഏതു സമയവും അവനിൽ നിന്നു ശക്തിയും ധൈര്യവും ലഭിച്ചിട്ടു നീതിയിൽ ഫലങ്ങളെ പുറപ്പെടുവിപ്പാനും പാപം ചെയ്യാതെ ജീവിപ്പാനും കഴിയും. ഇപ്പോൾ ഈ സ്വർഗ്ഗീയ മുന്തിരിവള്ളിയിലുള്ള ആശ്രയത്താലുളവാകുന്ന പദവിക്കു ആഗ്രഹിക്കുകയും പാപം ചെയ്യാതെയിരിക്കുന്നതിനു ആശ്രയിക്കയും ചെയ്യുന്ന ഏതു സഹോദരന്മാൎക്കും ആഗ്രഹപ്രകാരമുള്ള ഈ വിലയേറിയും നിറവായതുമായ അനുഭവം കൊടുക്കണമെ എന്നും യേശുമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും വിശുദ്ധറൂഹായുടെ സംസൎഗ്ഗവും അവരുടെ വിനാഴിക തോറുമുള്ള ഓഹരിയും ആയിതീരേണമെ എന്നുള്ള പ്രാൎത്ഥനയോടെ ഇവിടെ അവസാനിപ്പിക്കുന്നു.

വിശുദ്ധ കുർബ്ബാന

വിശുദ്ധ കുർബ്ബാനയെക്കുറിച്ചു ഇക്കാലങ്ങളിൽ പലരും പലതരത്തിലുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നതിനാലും, ചില നൂതന അഭിപ്രായങ്ങൾ പുരാതന സഭകളുടെ വിശ്വാസത്തിന്നു പ്രതികൂലമായിരിക്കുന്നതുകൊണ്ടും വിശുദ്ധ കുർബ്ബാനയിലുള്ള സത്യവിശ്വാസം എങ്ങിനെയാകുന്നു എന്നും, നൂതനാഭിപ്രായക്കാരൊ പൂർവ്വീകസഭകളൊ ഇതിൽ തെറ്റിയിരിക്കുന്നതു എന്നും ആലോചിക്കേണ്ടതു, പല തരത്തിലുള്ള അഭിപ്രായങ്ങളെ കേട്ടിട്ടുള്ള എല്ലാവരുടെയും ധർമ്മമാകുന്നു.

അതിനാൽ വിശുദ്ധ കുർബ്ബാനയെപ്പററി മ്ശിഹാതമ്പുരാൻ പഠിപ്പിച്ചിട്ടുള്ള ഉപദേശങ്ങളെ പരിശോധിക്കാം. വിശുദ്ധ കുർബ്ബാനയെപ്പററി മ്ശിഹാ പഠിപ്പിച്ചിട്ടുള്ള ഭാഗങ്ങൾ.

൧. വി: യോഹന്നാന്റെ സുവിശേഷം ൬-ാം അദ്ധ്യായം. ൨. വി: കുർബ്ബാന ഏർപ്പെടുത്തിയപ്പോൾ മ്ശിഹാ പഠിപ്പിച്ചതായ ഉപദേശം.

വി: മത്തായി ൨൬-ാം അ: ൨൬ മുതൽ ൨൮- വരെയുള്ള വാക്യങ്ങൾ വി: മർക്കോസ് ൧൪-ാം അ: ൨൨ മുതൽ ൨൪ വരെയുള്ള വാക്യങ്ങൾ. വി: ലൂക്കോ- ൨൨ അ: ൧൯ മുതൽ ൨൦ വരെയുള്ള വാക്യങ്ങൾ.

൩. ഇതിനെപ്പററി വി: പൗലോസ് എഴുതിയിരിക്കുന്ന വ്യാഖ്യാനം അതായതു. വിശുദ്ധ കുർബ്ബാനയിൽ വി: പൗലോസിന്റെ വിശ്വാസം. ൧ കോറന്ത ൧൦-ാം അ: ൧൬-ാം വാക്യം ൧. കോറന്തി ൧൧- അ- ൨൩-മുതൽ ൨൯ വരെയുള്ള വാക്യങ്ങൾ.

ഈ മൂന്നു ഭാഗങ്ങളേയും പരിശോധിച്ചു അവയിൽ ഓരോന്നിൽ നിന്നും നമുക്കു കിട്ടുന്നതായ ഉപദേശം എന്താണെന്നു നോക്കാം

൧-ാം ഭാഗം *

വിശുദ്ധ യോഹന്നാന്റെ സുവിശേഷം ൬-ാം അദ്ധ്യായം ൧ മുതൽ ൨൧- വരെയുള്ള വാക്യങ്ങൾ അഞ്ചപ്പംകൊണ്ടു അയ്യായിരം പേരെ പോഷിപ്പിച്ചതായ അത്ഭുതത്തിന്റെ വിസ്താരമായ ചരിത്രം.

൨൬- മുതൽ ൭൨ വരെയുള്ള വാക്യങ്ങൾ ഈ അത്ഭുതത്തെ തുടർന്നുള്ള ഉപദേശവും അതിനെ സംബന്ധിച്ചുണ്ടായ സംവാദങ്ങളും.

ഈ വാക്യങ്ങളിൽ മ്ശിഹാ പഠിപ്പിക്കുന്നതായ ഉപദേശം ക്രമമായി താൻ ചെയ്തുവന്ന ഉപദേശങ്ങളുടെ രീതിക്കു അനുരൂപമായി തന്നെ ഇരിക്കുന്നു. ഏതെങ്കിലും ഒരു സംഭവമുണ്ടായാൽ, അതിൽനിന്നു പഠിക്കേണ്ടതായ ആത്മീയപാഠത്തെ ഉടൻ തന്നെ താൻ പഠിപ്പിക്കുന്നതായി നാം കാണുന്നു.

---

* വിശുദ്ധ വേദം എടുത്തു അതാതു വാക്യങ്ങൾ അതതു സമയങ്ങളിൽ വായനക്കാർ വായിക്കണമെന്നു ഓർപ്പിച്ചുകൊള്ളുന്നു. അല്ലെങ്കിൽ സംഗതി നന്നായി മനസ്സിലാകാതെയിരുന്നേക്കാം.

൬-ാം ദൃഷ്ടാന്തം

തനിക്കു കുടിക്കുന്നതിനായി വെള്ളം കൊടുക്കേണമെന്നു ശമറിയാക്കാരത്തി സ്ത്രീയോടു ആവശ്യപ്പെടുകയും അതിൻെറ ശേഷം ഉണ്ടായ സംഭാഷണത്തിൽ ആത്മാക്കളെ ജീവിപ്പിക്കുന്നതായ "ജീവനുള്ള വെള്ളം" തനിക്കുണ്ടെന്നും "താൻ കൊടുക്കുന്നതായ വെള്ളം നിത്യജീവങ്കലേക്കു പൊങ്ങിവരുന്നതായ വെള്ളത്തിൻെറ ഉറവയാകും" എന്നും ഉപദേശിക്കുന്നു. (യോഹ- ൪-ാം അ:)

൭-ാം ദൃഷ്ടാന്തം

മുപ്പത്തെട്ടു സംവത്സരം രോഗിയായി മരിക്കാറായ ഒരുവനെ സൌഖ്യമാക്കിയതിൻെറ ശേഷം മരണത്തിൽ നിന്നുള്ള ജീവിച്ചെഴുനേല്പിനെയും നിത്യജീവനേയും കുറിച്ചു പ്രസംഗിക്കുന്നു. (വി: യോഹ: ൫-ാം അ.)

൮-ാം ദൃഷ്ടാന്തം

കുരുടനായി ജനിച്ച ഒരുവനെ സൌഖ്യമാക്കിയ ശേഷം പറിശന്മാരുടെ ആത്മകുരുടിനെ ചൂണ്ടികാണിച്ചു മ്ശിഹാ ഉപദേശിക്കുന്നു. (വി: യോഹ. ൯-ാം അ.)

൯-ാം ദൃഷ്ടാന്തം

മ്ശിഹായുടെ ഇപ്രകാരമുള്ള ഉപദേശരീതിയെ തന്നിൽനിന്നു തന്നെ പഠിച്ചിരുന്നവനായ വിശുദ്ധ പത്രോസു മ്ശിഹായുടെ നാമത്തെ വിളിച്ചു ഒരു മുടന്തനെ സൌഖ്യമാക്കിയശേഷം ആ നാമത്തിൽ വിശ്വസിക്കേണ്ട ആവശ്യകതയെക്കുറിച്ചു പ്രസംഗിക്കുന്നു. (അപ്പോ ൩-ാം അ:)

ഈ ദൃഷ്ടാന്തങ്ങളിൽ നിന്നു നാം പഠിക്കുന്നതു, ഓരോ അത്ഭുതങ്ങളുടെയോ മറ്റു പ്രധാന സംഭവങ്ങളുടെയൊ ശേഷം അതിൽ നിന്നു പഠിക്കേണ്ട ആത്മീയപാഠത്തെ മശിഹാ ഉപദേശിക്ക പതിവായിരുന്നു എന്നത്രെ. ഈ പതിവനുസരിച്ചു. അഞ്ചപ്പംകൊണ്ടു അയ്യായിരംപേരെ പോഷിപ്പിച്ച ശേഷം, നമ്മുടെ ആത്മാക്കളെ പോഷിപ്പിക്കുന്നതായ സ്വൎഗ്ഗീയമായ അപ്പം ഉണ്ടെന്നും ആ അപ്പം താൻ തന്നെ ആകുന്നു എന്നും മശിഹാ പഠിപ്പിക്കുന്നു. വി: യോഹ: ൬-ാം അ: ൨൬ മുതൽ ഉള്ള വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നതായ ഉപദേശത്തെ നമുക്കു പരിശോധിക്കാം.

൨൬. മുതൽ ൪൭- വരെയുള്ള വാക്യങ്ങൾ മശിഹായിൽ വിശ്വസിക്കുന്നതിനെക്കുറിച്ചാകുന്നു. ൪൮- മുതൽ ഉള്ള വാക്യങ്ങൾ വി: കുർബാനയെക്കുറിച്ചും ആകുന്നു.

ഈ രണ്ടു ഭാഗങ്ങളും വിശ്വാസത്തെക്കുറിച്ചാണെന്നു ഇതരസഭകളിലെ ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ടു. എന്നാൽ

ഈ ഉപദേശത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ, ൫൧-ാം വാക്യത്തിങ്കൽ വെച്ചു ഉപദേശവിഷയം മാറുന്നു എന്നും, ൫൧ മുതലുള്ള വാക്യങ്ങളിൽ മശിഹായുടെ ശരീരരക്തങ്ങളെ ഭക്ഷിക്കുന്നതിനെക്കുറിച്ചുള്ള പ്രത്യക്ഷമായ ഉപദേശമാണെന്നും തെളിയുന്നതാണ.

൫൧-ാം വാക്യത്തിങ്കൽ വെച്ചു ഉപദേശവിഷയം മാറുന്നു എന്നു വിചാരിക്കുന്നതിനുള്ള കാരണങ്ങൾ.

എ. ൪൭-ാം വാക്യം ഒരു വിഷയത്തെക്കുറിച്ചുള്ള ഉപദേശത്തിന്റെ ചുരുക്കം ആകുന്നു. മുമ്പു ഉപദേശിച്ചതായ ൩൫, ൩൭, ൪൦ മുതലായ വാക്യങ്ങളിലെ വിഷയത്തിന്റെ സാരാംശം ചുരുക്കിയും, അതിനെ ബലപ്പെടുത്തുവാനായി "സത്യമായിട്ടു സത്യമായിട്ടു" എന്ന പദങ്ങളെ ഉപയോഗിച്ചു അത്രെ മശിഹാ കല്പിച്ചിരിക്കുന്നതു.

ബി. ൫൧-ാം വാക്യം പുതുതായ ഒരു സംഗതിയെക്കുറിച്ചുള്ള പ്രസംഗത്തിന്റെ ആരംഭം അത്രെ. മുൻവാക്യങ്ങളിലെ വാചകങ്ങളിൽ നിന്നു അനുമാനിക്കാവുന്നതായ പുതിയ ഒരു സംഗതിയെക്കുറിച്ചാകുന്നു ഈ ഭാഗത്തിലെ ഉപദേശം. ഒരു വാചകം പറഞ്ഞു ഒരു പ്രസംഗം ആരംഭിക്കയും ആ വാചകത്തിൽ നിന്നുള്ള ഒരു ഉപദേശം കഴിഞ്ഞ ശേഷം, അതിൽ നിന്നു തന്നെയുള്ള വേറൊരു ഉപദേശം തുടങ്ങുമ്പോൾ, ആ വാചകത്തെ ആവർത്തിച്ചു പറഞ്ഞു കൊണ്ടു അതിനെ തുടങ്ങുകയും, ഇങ്ങനെ ഒരേ വാചകത്തിൽ നിന്നു പഠിക്കാവുന്ന പല ഉപദേശങ്ങളെ ആ വാചകം കൊണ്ടു തന്നെ തുടങ്ങുകയും ചെയ്ക മശിഹായുടെ പതിവായിരുന്നു. ഇതിനു ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ പറയാം.

൧-ാം ദൃഷ്ടാന്തം

വി: യോഹന്നാന്റെ സുവിശേഷം ൧൦-ാം അദ്ധ്യായത്തിൽ കാണുന്ന പ്രകാരം "ഞാൻ നല്ല ഇടയനാകുന്നു" എന്നു പറഞ്ഞു ആരംഭിച്ചു കൊണ്ടു തന്നെക്കുറിച്ചു തന്നെ മശിഹാ പ്രസംഗിക്കുന്നു (൧൧ വാക്യം). ആടുകളെക്കുറിച്ചു വിചാരപ്പെടാത്ത കൂലിക്കാരനെപ്പോലെ അല്ലാ താനെന്നും, ആടുകൾക്കുവേണ്ടി മരിക്കാനും കൂടെയും താൻ തയ്യാറാണെന്നും ഉപദേശിക്കുന്നു. എന്നാൽ ൧൪-ാം വാക്യത്തിൽ ഉപദേശവിഷയം ഭേദപ്പെടുന്നു. എങ്കിലും "ഞാൻ നല്ല ഇടയൻ ആകുന്നു" എന്ന വാചകം കൊണ്ടു തന്നെ ഈ ഭാഗവും ആരംഭിക്കുന്നു. ഈ ഭാഗം തന്റെ ആടുകൾ തന്നെ ചെവിക്കൊണ്ടു അനുസരിക്കുന്നതിനെക്കുറിച്ചും അവ എങ്ങിനെ വർദ്ധിക്കും എന്നും ആകുന്നു. ഒന്നാം ഭാഗം നല്ല ഇടയനായ തന്നെക്കുറിച്ചും (യോഹ: ൧൦-ാം അ: ൧൧ വാക്യം മുതൽ) രണ്ടാം ഭാഗം തന്റെ ആടുകളെക്കുറിച്ചും അത്രെ. എങ്കിലും രണ്ടു ഭാഗങ്ങളും "ഞാൻ നല്ല ഇടയനാകുന്നു" എന്ന ഒരേ വാചകത്തെക്കൊണ്ടു ആരംഭിക്കുന്നതായി കാണുന്നു.

൨-ാം ദൃഷ്ടാന്തം

വി: യോഹന്നാന്റെ സുവിശേഷം ൧൫-ാം അദ്ധ്യായത്തിൽ കാണുന്ന പ്രകാരം "ഞാൻ സത്യമായുള്ള മുന്തിരിവള്ളി ആകുന്നു" എന്ന ആരംഭിച്ചുംകൊണ്ടുള്ള മശിഹായുടെ പ്രസംഗം. ഈ പ്രസംഗത്തിന്റെ ൧-ാം ഭാഗത്തിൽ സത്യമുന്തിരിവള്ളിയായ മശിഹായോടു നാം ഒട്ടിച്ചേർക്കപ്പെടാതെയിരുന്നാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചാകുന്നു ഉപദേശം (൧ മുതൽ ൮ വരെയുള്ള വാക്യങ്ങൾ) ൯-ാം വാക്യത്തിൽ ഉപദേശവിഷയം ഭേദപ്പെടുന്നു. ൯ മുതലുള്ള വാക്യങ്ങളിൽ, (അതായതു രണ്ടാം ഭാഗത്തിൽ) സത്യമുന്തിരിവള്ളിയായ മശിഹായോടു നാം ഒട്ടിച്ചേർക്കപ്പെട്ടിരുന്നാൽ ഉള്ള ഫലത്തെക്കുറിച്ചത്രെ ഉപദേശം. * ഈ ഭാഗത്തെയും "ഞാൻ സത്യമായുള്ള മുന്തിരിവള്ളിയാകുന്നു" എന്ന വാചകത്താൽ അത്രെ ആരംഭിക്കുന്നതു. വ്യത്യസ്ഥമായ ഈ രണ്ടു ഭാഗങ്ങളും ഒരേ വാചകംകൊണ്ടു തുടങ്ങുന്നു. ഇങ്ങനെ ഒരേ വാചകത്തിൽ നിന്നു പഠിക്കാവുന്ന പല ഉപദേശങ്ങളെ പ്രത്യേകമായി പഠിപ്പിക്കുമ്പോൾ ഈ ഓരോ ഭാഗങ്ങളേയും മുൻവാചകത്താൽ തന്നെ തുടങ്ങുന്നതായി നാം കാണുന്നു. ഈ പതിവനുസരിച്ചു യോ: ൬-ാം അ. ൪൮-ാം വാക്യവും ൩൫-ാം വാക്യത്തിലെ വാചകംകൊണ്ടുതന്നെ തുടങ്ങുന്നു. "ഞാൻ ജീവന്റെ അപ്പം ആകുന്നു" എന്ന ൪൮-ാം വാക്യത്തിലും മിശിഹാ ആവർത്തിച്ചു പറയുന്നതിൽനിന്നു പുതിയ ഒരു വിഷയം ഈ വാക്യത്തോടുകൂടി ആരംഭിച്ചിരിക്കുന്നു എന്നു വിചാരിക്കേണ്ടതാണു.

സി. ൪൮-ാം വാക്യ മുതൽ വേറൊരു ഭാഗം തുടങ്ങുന്നു എന്നു വിചാരിക്കുന്നതിനുള്ള മൂന്നാമത്തെ കാരണം.

൪൮- മുതൽ ൫൧-വരെയുള്ള വാക്യങ്ങളെ പരിശോധിക്കാം. ഈ വാക്യങ്ങളിൽ വ്യത്യസ്തമായ മൂന്നു അംശങ്ങൾ അടങ്ങിയിരിക്കുന്നതായ മൂന്നു ഭാഗങ്ങൾ നാം കാണുന്നു.

൧ { എ. ഞാൻ ജീവന്റെ അപ്പം ആകുന്നു.
സി. നിങ്ങളുടെ പിതാക്കന്മാർ വനത്തിൽ മന്നാ ഭക്ഷിച്ചു.
സി. മരിച്ചുപോകയും ചെയ്തു. } ൪൮-ം ൪൯-ം വാക്യങ്ങൾ.

൨ { എ. അപ്പം ഇതാകുന്നു.
ബി. സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നിട്ടുള്ളതായ
സി. ഒരുത്തൻ ഭക്ഷിക്കയും മരിക്കാതെയിരിക്കയും ചെയ്യേണ്ടുന്നതിനു. } ൫൦-ാം വാക്യം.

* ൭-ാം വാക്യത്തിൽ 'അതെന്തുകൊണ്ടെന്നാൽ' തുടങ്ങി ൮-ാം വാക്യത്തിന്റെ അവസാനം വരെയുള്ള ഭാഗം മുൻ സംഗതിയെ വീണ്ടും സ്ഥിരപ്പെടുത്തി കാണിക്കുന്നതെയുള്ളൂ.

൬ എ. ജീവനുള്ള അപ്പം ഞാൻ ആകുന്നു
ബി. സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിവന്നതായ
സി. ഒരുത്തൻ ഈ അപ്പത്തിൽനിന്നു ഭക്ഷി
ച്ചാൽ അവൻ എന്നേക്കും ജീവിക്കും. ൫൮-ാം വാക്യം.

മലയാള വാചകങ്ങൾക്കുവേണ്ടി (വ. ൫൧-ാം വാക്യം) സി. ബി. എ. എന്ന മുറയ്ക്കും, ന. ൫൮-ാം വാക്യം) ബി. എ. സി. എന്ന മുറയ്ക്കും വായിക്ക.

"ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പം എന്റെ മാംസം ആകുന്നു. അതു ഞാൻ ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കും."

മേൽ കാണിച്ചതിൽനിന്നു ൪൮ മുതൽ ൫൮ വരെയുള്ള വാക്യങ്ങളുടെ മദ്ധ്യേ ഒരു വിഷയമാററം ഉണ്ടെന്നു അനുമാനിക്കാൻ നിവൃത്തിയില്ലല്ലോ. അതിന്റെ കാരണം ഈ വാചകങ്ങൾ തമ്മിലുള്ള പ്രത്യേക ബന്ധം അത്രെ. ഈ ഉപദേശത്തിന്റെ അവസാന വാചകമായ "ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പം എന്റെ മാംസം ആകുന്നു. . . . ." എന്ന വാക്യം മുൻപു പഠിപ്പിച്ചതിന്റെ സാരം ആകുന്നു. ഇതിനു പ്രത്യക്ഷമായ അൎത്ഥം അല്ലാതെ ഗൂഢമായ ഒരൎത്ഥം കൊടുക്കുന്നതിനും നമുക്കു ന്യായമുണ്ടെന്നു തോന്നുന്നില്ലാ (അടുത്ത പ്രസംഗത്തിൽ ഈ സംഗതി വിശദമാകുന്നതാണു.)

൪൮ മുതൽ ൫൮ വരെയുള്ള വാക്യങ്ങളിലെ ഓരോ വാചകങ്ങൾ തമ്മിലുള്ള സംബന്ധത്തെ നോക്കാം.

'എ' എന്ന പേരുള്ള എല്ലാവാചകങ്ങളും ജീവൻ കൊടുക്കുന്ന അപ്പത്തെക്കുറിച്ചാകുന്നു.

ബി. എന്നുള്ള മൂന്നുവാചകങ്ങളും ഈ അപ്പത്തെ മന്നായോടു താരതമ്യപ്പെടുത്തുകയും ഈ അപ്പം സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങിയതാകുന്നു എന്നു കാണിക്കയും ചെയ്യുന്നു

സി. എന്നപേരുള്ള മൂന്നുവാചകങ്ങളും ഈ അപ്പത്തിന്റെ വിശേഷഗുണത്തെക്കുറിച്ചാകുന്നു.

ഇതിന്റെ ശേഷമുള്ള വാചകം മേൽ പറയപ്പെട്ടവയുടെ സാരാംശം ആകുന്നു. ഒന്നാമത്തെ 'സി' മന്നാ ഭക്ഷിച്ചാൽ മരിച്ചുപോകും എന്നും, രണ്ടാമത്തെ 'സി' മശിഹായാകുന്ന അപ്പത്തെ ഭക്ഷിച്ചാൽ മരിക്കയില്ലാ എന്നും, മൂന്നാമത്തെ "സി" മശിഹായാകുന്ന അപ്പത്തെ ഭക്ഷിച്ചാൽ നശ്ചയമായി എന്നേക്കും ജീവിക്കും എന്നും കാണിക്കുന്നു.

മേൽ വിവരിക്കപ്പെട്ട മൂന്നു കാരണങ്ങളാൽ തെളിയുന്നതു, ൪൮-ാം വാക്യംമുതൽ പുതുതായി ഒരു സംഗതിയെക്കുറിച്ചാണു മശിഹാ ഉപദേശിക്കുന്നതു എന്നത്രെ.

ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നതായ വേറൊരു സംഗതികൂടെ പറയാം.

വിശുദ്ധ മത്തായിയുടെ സുവിശേഷം ൨൪-ം ൨൫-ം അദ്ധ്യായങ്ങളിൽ ഊൎശ്ലേമിന്റെ നാശത്തെക്കുറിച്ചും അന്ത്യ ന്യായവിധിയെക്കുറിച്ചുംഉള്ള മ്ശിഹായുടെ പ്രസംഗത്തെ നാം വായിക്കുന്നു. എന്നാൽ ഏതുവാക്യത്തിങ്കൽ വച്ചാണു ഊൎശ്ലേമിന്റെ നാശത്തെക്കുറിച്ചുള്ള വചനം അവസാനിച്ചു, അന്ത്യ ന്യായവിധിയെക്കുറിച്ചുള്ള പ്രസംഗം ആരംഭിക്കുന്നതു? ൨൪-ാം അദ്ധ്യായം ൩൬-ാം വാക്യത്തിങ്കൽ വച്ചാണ എന്ന പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. സൂക്ഷ്മത്തോടുകൂടി വി: മത്തായി ൨൪-ം ൨൫-ം അദ്ധ്യായങ്ങളും വി: യോഹന്നാൻ ൬-ാം അദ്ധ്യായവും വായിക്കുന്നവൎക്ക് ഇവ തമ്മിലുള്ള സാമ്യത്തെക്കുറിച്ചു ആശ്ചര്യം ഉണ്ടാകും. വി. മത്തായി ൨൪-ാം അദ്ധ്യായം ൪൨-ാം വാക്യത്തിൽ മുൻ പറയപ്പെട്ടതിന്റെ സാരാംശത്തെ മ്ശിഹാ ചുരുക്കി പറയുന്നു. "ആകയാൽ നിങ്ങളുടെ കൎത്താവു ഏതു നാഴികയിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ടു ഉണൎന്നിരിപ്പിൻ" എന്നു തന്റെ അതുവരെയുള്ള ഉപദേശത്തിന്റെ സാരത്തെ ചുരുക്കിപ്പറയുന്നു. അതുപോലെതന്നെ വി: യോഹന്നാൻ ൬-ാം അദ്ധ്യായം ൪൭-ാം വാക്യത്തിൽ അതുവരെയുള്ള ഉപദേശത്തിന്റെ സാരത്തെ ചുരുക്കിപ്പറയുന്നു. "എന്നിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടെന്നു സത്യമായിട്ടു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു" എന്നത്രെ താൻ കല്പിക്കുന്നതു.

രണ്ടു സന്ദൎഭങ്ങളിലും അടുത്ത വാക്യം മുതൽ ഒരു പുതിയ സംഗതി ആരംഭിക്കുന്നു. "ഒരു വീട്ടുകാവല്ക്കാരന്റെ ഉപമ"യിൽ നിന്നു മ്ശിഹായുടെ അവസാന എഴുന്നെള്ളത്തിന്നായി നാം ഒരുക്കത്തോടുകൂടി കാത്തിരിക്കണമെന്നു പഠിപ്പിക്കുന്നു. അപ്രകാരംതന്നെ "അപ്പത്തെക്കുറിച്ചുള്ള ഉപമ"യിൽ നിന്നു മ്ശിഹായുടെ ശരീരരക്തമാകുന്ന ദിവ്യഅപ്പത്തെ അനുഭവിച്ചു നാം ജീവിക്കണമെന്നു പഠിപ്പിക്കുന്നു. രണ്ടു സുവിശേഷങ്ങളിലെയും പ്രസംഗങ്ങൾ രണ്ടിലും പ്രത്യേകമായ രണ്ടു ഭാഗങ്ങൾ ഉണ്ടു. വി: മത്തായി ൨൪-ം ൨൫-ം അദ്ധ്യായങ്ങളായ പ്രസംഗത്തിൽ ഒരെ ഉപമയിൽ നിന്നു (വീട്ടുകാവല്ക്കാരന്റെ ഉപമ) രണ്ടു പ്രത്യേകമായ സംഗതികളെക്കുറിച്ചു രണ്ടുപദേശങ്ങൾ നല്കപ്പെടുന്നു.

(൧) ഊൎശ്ലേമിന്റെ നാശത്തെക്കുറിച്ചുള്ള പ്രസംഗം.

(൨) അന്ത്യന്യായവിധിയെക്കുറിച്ചുള്ള പ്രസംഗം.

വി: യോഹന്നാൻ ൬-ാം അദ്ധ്യായത്തിൽ ഒരെ ഉപമയിൽനിന്നു (അപ്പത്തെക്കുറിച്ചുള്ള ഉപമ) പ്രത്യേകമായ രണ്ടു സംഗതികളെക്കുറിച്ചു രണ്ടു ഉപദേശങ്ങൾ നല്കപ്പെടുന്നു.

(൧) മശിഹായിൽ വിശ്വസിക്ക- ൨൬- മുതൽ ൩൫- വരെയുള്ള വാക്യങ്ങൾ

(൨) മശിഹായുടെ ശരീരരക്തത്തെ അനുഭവിക്ക- ൫൧ മുതൽ ഉള്ള വാക്യങ്ങൾ.

വി: മത്തായി ൨൪-ം ൨൫-ം അദ്ധ്യായങ്ങൾ ആദ്യവസാനം ഉറുശ്ലേമിന്റെ നാശത്തെക്കുറിച്ചു മാത്രമാണെന്നു വാദിപ്പാൻ നിവൃത്തിയില്ലാത്ത പ്രകാരം തന്നെ വി: യോഹന്നാന്റെ സുവിശേഷം ൬-ാം അദ്ധ്യായം ൨൬- മുതൽ ൬൫- വരെയുള്ള വാക്യങ്ങൾ ആദ്യവസാനം വിശ്വാസത്തെക്കുറിച്ചു മാത്രമാണെന്നും വാദിപ്പാൻ നിവൃത്തിയില്ല.

വി: യോഹന്നാൻ ൬-ാം അദ്ധ്യായം ൫൧-ാം വാക്യം ഏവനും ൫൯. വരെയുള്ള വാക്യങ്ങളിലെ സംഗതി തന്നെയാകുന്നു തുടർന്നിരിക്കുന്നതു എന്നു തോന്നുന്നതല്ലാ.

തീർച്ചയും ൨൬- മുതൽ ൩൫- വരെയുള്ള വാക്യങ്ങൾ വിശ്വാസത്തെക്കുറിച്ചു ൫൧ മുതലുള്ള വാക്യങ്ങൾ മശിഹായുടെ ശരീരരക്തത്തെ അനുഭവിക്കുന്നതിനെക്കുറിച്ചും അത്രെ ജി. (തുടരും)

ക്രിസ്ത്യാനി അല്ലങ്കിലും ക്രിസ്തുമതപ്രസംഗി ആയ പാവപ്പെട്ട
ശ്രാഷിതണ്ടാൻ എഴുതിയതു.

മതങ്ങൾ ഇപ്പോൾ വർദ്ധിച്ചിരിക്കുന്ന പ്രകാരം ഇരിക്കട്ടെ. അന്യമതവും കൊണ്ടു ആരാകട്ടെ. (ഠാംഗ്ശാ) മതത്തോടു എത്രകാലത്തെയിരുന്ന എങ്കിൽ ആതാതു മതത്തിനും മതസ്ഥർക്കും ഉത്തമമായിരിക്കുമായിരുന്നു. നടപ്പു. ൻ. ൫.

ശ്രാഷിതണ്ടാൻ ഒരു മതത്തെ വിശ്വസിക്കണമെങ്കിൽ മറുതാല് ക്രിഷ്ണ ഉരുവിനു ഷണ്ഡകൃത്യം ഷഷ്ഠലക്ഷണങ്ങളും തന്റെ എത്രമതപ്രയോഗങ്ങൾക്കാകട്ടെ.

ഒരു ആധാരതെളിവുകളും. ഒരു കാരണതെളിവുകളും. ഒരു കാര്യതെളിവുകളും. ഒരു സാദ്ധ്യതെളിവുകളും. ഇങ്ങിനെ നാലു തെളിവുകൾ സംയോജിച്ചിരിക്കണം. അല്ലാതെ ഒന്നിനെ വിശ്വസിക്കുന്നില്ലാ വിശ്വസിക്കുന്നതുമല്ലാ.

൧. (ഠാംഗ്ശാ) ഉപമേയ ദീർഘദർശി. ആവർത്തന. ൧൮. ൧൫. ൧൦. ൨൧. ൫. ൬. ടി. ൨൩. ൨൬. ൩൦. മത്താ. ൧൩. ൩൮. ൩൬. ശ ൨൦.

൨. (മോശ) ഉപമാന ദീർഘദർശി. ആവർത്ത. ൧൮. ൧൮. ൨൪. ൩൩. ൬൦-ശാ൨൦ യോ. ൫. ൪൫. ൪൬. ൪൭

൧. പ്രസംഗത്തിന്റെ ആധാര തെളിവുകൾ. ൧൦. ൨൭. ൨൭. ൪൬

൨. പ്രസംഗത്തിന്റെ ആധാരതെളിവുകൾ. യോബു. ൩൪. ൧. ൪. ൫. ൬. ൭

൩. കാരണതെളിവുകൾ അദ്ധ്യ ൧. ൨൬. ൨൭. ൨൮

൪. കാരണതെളിവുകൾ അദ്ധ്യ. ൩൪. ൧൫. ഹോശാ. ൭. ൧൪

൫. കാരണതെളിവുകൾ മത്താ. ൧. ൨൩. ൨൫

൬ കാര്യതെളിവുകൾ മത്താ. ൧൭. ൧. ൨. ൩. ൪. ൫

൭. കാര്യതെളിവുകൾ ൻ. ൩൦. ൩൧

൮. കാര്യതെളിവുകൾ

(കാരണകാര്യം യോജിച്ച തെളിവുകൾ) ലൂ൦. ൨. ൧൦. ടി. ൩. ൪ ലൂ ൨. ൨൧

൯. മോശ എന്നനാമം

൧൦. ഈശോ എന്ന നാമം

൧൧. ഈ നാമം രണ്ടും യോജിപ്പുള്ളതു (ഒ:ശ) എന്ന സൂത്രം രക്ഷപദം.
പു. ൧൪. ൧൩. ൧൬. മത്താ. ൧. ൨൧.

൧൨. മോശയുണ്ടായപ്പൊ, എങ്ങിനെ എന്ന എജിപ്തു യൂദക്കുഞ്ഞുങ്ങളെ കൊന്നു. പു. ൧. ൨൨

൧൩. ഈശോ ഉണ്ടായപ്പൊ, എങ്ങിനെ എന്ന ഉൾക്കയ്യും യൂദക്കുഞ്ഞുങ്ങളെ കൊന്നു
മത്ത. ൨. ൪. ൬.

൧൪. മോശയെ ഞാങ്ങണക്കൂട്ടിൽ കിടത്തി പു. ൨. ൩

൧൫. ഈശോയെ പുൽക്കൂട്ടിൽ കിടത്തി ലൂ. ൨. ൭

൧൬. മോശയെ ഞാങ്ങണക്കാട്ടിൽ കണ്ടു പു. ൨. ൫

൧൭. ഈശോയെ ബെതലെം കാട്ടിൽ കണ്ടു ലൂ. ൧. ൧൬. ൨. ൧

൧൮. മോശയെ പെററസ്ഥലത്തുനിന്നും മാററിപ്പാർപ്പിച്ചു പു. ൨. ൧൦

൧൯. ഈശോയെ പെററ സ്ഥലത്തുനിന്നും മാററിപ്പാർപ്പിച്ചു മത്ത. ൨. ൧൩

൨൦. മോശയെ ശിശുപ്രായത്തിൽ കൊല്ലാൻ ശ്രമിച്ചു പു. ൧. ൨൨. ൨. ൨

൨൧. ഈശോയെ ശിശുപ്രായത്തിൽ കൊല്ലാൻ ശ്രമിച്ചു മത്താ. ൨. ൧൩

൨൨. മോശയെ എജിപ്തിൽ അയച്ചു പു. ൩. ൧൦

൨൩. ഈശോയെ എജിപ്തിൽ അയച്ചു മത്ത. ൨. ൧൩

൨൪. മോശയെ എജിപ്തിൽ കുറച്ചു താമസിപ്പിച്ചു പു. ൨. ൧൧

൨൫. ഈശോയെ എജിപ്തിൽ കുറച്ചു താമസിപ്പിച്ചു മത്ത. ൨. ൧൪. ൧൫

൨൬. മോശ എജിപ്തിൽ കുറച്ചു വളൎന്നു പു. ൨. ൧൧

൨൭. ഈശോ എജിപ്തിൽ കുറച്ചു വളൎന്നു മത്താ. ൨. ൨൪. ൧൫

൨൮. മോശയെ എജിപ്തിൽനിന്ന വരുത്തി പു. ൨. ൧൫

൨൯. ഈശോയെ എജിപ്തിൽനിന്നുവരുത്തി മത്ത. ൨. ൧൯. ൨൧

൩൦. മോശയെ ഇസ്രായേൽ മരണത്തെ ഉദ്ധരിക്കാൻ അയക്കപ്പെട്ടു പു. ൩. ൭. ൮

൩൧. ഈശോയെ ഇസ്രയേൽ മരണത്തെയും ഉദ്ധരിക്കാൻ അയക്കപ്പെട്ടു
മത്ത. ൧. ൨൧. ലൂ. ൨. ൧൦. ൧൧

൩൨. മോശമൂലം എജിപ്തുക്കു മൂലനാശം വന്നു പു. ൧൨. ൨൯ ൩൦ ൩൧

൩൩. ഈശോ മൂലം എജിപ്തുക്കു നാശം വന്നു സഭചരിത്രം

൩൪. മോശ ബീജവംശപാരമ്പര്യം ഇല്ലാതെ ഗുരുസ്ഥാനം വഹിച്ചു
പു. ൪. ൧൬. ൧൭

൩൫. ഈശോ ബീജവംശപ്പാരമ്പര്യം ഇല്ലാതെ ഗുരുസ്ഥാനം വഹിച്ചു
മത്ത. ൨. ൧൧. ഹെബ്ര. ൭. ൩. ൨൦

൩൬. മോശ അതിശയം ചെയ്തു പു. ൧൪. ൨൧. ൨൨

൩൭. ഈശോ അതിശയം ചെയ്തു യോ. ൧൧. ൪൩. ൪൪

൩൮. മോശ ചെങ്കടൽ സ്നാനം ചെയ്തു പു. ൧൫. ൨൨

൩൯. ഈശോ യോർദാൻ സ്നാനം ചെയ്തു മൎക്കൊ. ൧. ൯. ൧൦. ൧൧

൪൦. മോശ ഇസ്രായേൽ കാണാതെ ൪൦ നാൾ ഉപോസിച്ചു പു. ൩൪. ൮

൪൧. ഈശോ ഇസ്രയേൽ കാണാതെ ൪൦ നാൾ ഉപോസിച്ചു ലൂ. ൪. ൧. ൨

൪൨. മോശ ശരീരത്തോടു സാത്താൻ വാദിച്ചു പൂൎവ്വചരിത്രം യൂദാ ൯

൪൩. ഈശോ ദേഹത്തോടു സാത്താൻ വാദിച്ചു ലൂ. ൪. ൯

൪൪. മോശ പിതൃകല്പനയെ വാങ്ങി ഇസ്രായേലിനു അറിയിച്ചു പു. ൨൪. ൩. ൪

൪൫. ഈശോ പിതൃകല്പനയെവഹിച്ചു ഇസ്രയേലിനു അറിയിച്ചു യോ. ൧൫. ൧൫

൪൬. മോശ ഇസ്രയേലിനെ ശാസിച്ചു ആവൎത്ത. ൯. ൨൩. ൨൪

൪൭. ഈശോ ഇസ്രയേലിനെ ശാസിച്ചു ലൂ. ൧൯. ൪൫. ൪൬

൪൮. മോശ ശത്രുക്കളെ ജയിച്ചു പു. ൧൪. ൨൭. ൨൮

൪൯. ഈശോ അസ്സൽശത്രുവെ ജയിച്ചു മത്ത. ൪. ൧൦. ൧൧

൫൦. മോശ (യഹോവാ)യിക്കും അഹരോനും മദ്ധ്യസ്ഥൻ പു. ൭. ൧. ൨

൫൧. ഈശോ പിതാവിനും ശ്ലീഹായിക്കും മദ്ധ്യസ്ഥൻ നടപ്പ ൪. ൧൨

൫൨. മോശമൂലം ഇസ്രയേലിനു മലയിൽവെച്ചു ഭക്ഷണം വൎദ്ധിപ്പിച്ചു
പു. ൧൬. ൧൫. ൧൬

൫൩. ഈശോമൂലം ഇസ്രയേലിനു മലയിൽവെച്ചു ഭക്ഷണം വൎദ്ധിപ്പിച്ചു
മത്ത. ൧൪. ൧൯. ൨൦

[illegible]. മോശമൂലം പെസഹാ നിയമിച്ചു — പു. ൧൨. [illegible]
[illegible]. മിശിഹാമൂലം (കുർബാന) നിയമിച്ചു — മത്താ. ൨൬. ൨൬
[illegible]. മോശ വാക്കിനെ കേൾക്കാത്ത ഇസ്രായേൽ നശിച്ചു — ന്യായ. [illegible]
[illegible]. മിശിഹാ വാക്കിനെ കേൾക്കാത്ത ഇസ്രായേൽ മൂലനാശപ്പെട്ടു
സഭചരിത്രം [illegible]
[illegible]. മോശയെ കൊല്ലാൻ സൈന്യങ്ങൾ പിന്തുടർന്ന രക്ഷായാത്രയിൽ
പു. ൧൪. [illegible]
[illegible]. മിശിഹായുടെ രക്ഷായാത്രയിൽ തന്നെ കൊല്ലാൻ സൈന്യങ്ങൾ പിന്തുടർന്ന
മത്താ. ൨൬. [illegible]
[illegible]. മോശ സർപ്പത്തെ ഉയർത്തി പാമ്പുവിഷത്തിൽനിന്ന ഉദ്ധരിച്ചു
സംഖ്യ. ൨൧. ൯. യോഹ. ൩. ൧൪
[illegible]. മിശിഹാ തന്നെ സ്ലീവായിൽ ഉയർത്തി. അസ്സൽപ വിഷത്തിൽനിന്ന
ഉദ്ധരിച്ചു. മത്താ. [illegible]
[illegible]. മോശ ഇസ്രായേലിനുവേണ്ടി സംവാദി ആയി (മരിച്ചു)
ആവർത്ത. [illegible]
[illegible]. മിശിഹാ ഇസ്രായേലിനുവേണ്ടി സംവാദി. സാഷ്ടാംഗം
ലൂ. [illegible]
[illegible]. മോശയെ ഇസ്രായേൽ കമ്പടകം ചെയ്തു — ആവർത്ത. [illegible]
[illegible]. മിശിഹായെ ഇസ്രായേൽ കമ്പടകം ചെയ്തു — ലൂ. [illegible]
[illegible]. മോശ പുറത്തു ശ്ലീഹാ മാത്രം കണ്ടു — മത്ത. [illegible]
[illegible]. മിശിഹായുടെ പുറത്തു ശിഷ്യർ മാത്രം കണ്ടു — യോ. [illegible]
[illegible]. മോശ ഇസ്രായേലിനെ അടിമയിൽനിന്നും ചെങ്കടൽ കടത്തി കനാനിലാക്കി ആവർത്ത. [illegible]
[illegible]. മിശിഹാ ഇസ്രായേലിനെ പാതാള അടിമയിൽനിന്നും അഗ്നികടൽകടത്തി
പരമകനാനിലാക്കി. സഭചരിത്രം [illegible]
[illegible]. മോശ ഇസ്രായേലിനെ അനുഗ്രഹിച്ചു — ആവർത്ത. [illegible]
[illegible]. മിശിഹാ ഇസ്രായേലിനെ അനുഗ്രഹിച്ചു — ലൂ. [illegible]
[illegible]. മോശ തന്റെ പിതാമഹന്മാരിൽ ചേർന്നു — ലൂ. [illegible]
[illegible]. മിശിഹാ തന്റെ പിതാവിന്റെ വലഭാഗം ചേർന്നു — നട. [illegible]
[illegible]. മോശ ഇസ്രായേലിന്റെ രക്ഷകനായിട്ടു അപേക്ഷിച്ചു — സംഖ്യ. [illegible]
[illegible]. മിശിഹാ ഇസ്രായേലിന്റെയും മറ്റും രക്ഷകനായിട്ടു അപേക്ഷിച്ചു അപേക്ഷിക്കയും ചെയ്യുന്നു. [illegible]

(ഉപമേയം സദൃശതെളിവുകൾ)

[illegible]. പുത്രൻ തമ്പുരാന്റെ മനുഷ്യപക്ഷം താൻ അനാദി സൃഷ്ടാവ്
[illegible]
[illegible]. പുത്രൻ തമ്പുരാന്റെ മനുഷ്യപക്ഷം താൻ അതിസൃഷ്ടാവ്
[illegible]
[illegible]. പുത്രൻ (യഹോവാ) — [illegible]
[illegible]. പിതാവു പുത്രരൂപമായി — ലൂ. [illegible]
[illegible]. പുത്രൻ യഹോവ തന്നെ — ഏശാ. [illegible] മത്താ. [illegible]
[illegible]. പിതാവു പുരുഷരൂപമായത് പുത്രൻ (മിശിഹാ മൂലം [illegible]
കലമറ്റു) മത്താ. [illegible]
[illegible]. യഹോവായിടെ ഇഷ്ടപുത്രൻ — മത്താ. [illegible]
[illegible]. മിശിഹാ യഹോവായുടെ പുത്രൻ എന്ന സാത്താനും സാക്ഷിക്കുന്നു
ലൂ. [illegible]
[illegible]. മിശിഹാ യഹോവാ എന്ന സാത്താൻ സമ്മതിക്കുന്നു. മത്താ. [illegible]
[illegible]. മിശിഹാ യഹോവാ എന്ന മാലാഖവൃന്ദങ്ങൾ ഭൂമിസ്തുത്യവും ചെയ്യുന്നു
സങ്കീ. [illegible] ലൂ. [illegible]
[illegible]. മിശിഹാ താരകബ്രഹ്മവും പുണ്യപുരുഷൻ പുരുഷോത്തമൻ പരൻ എന്ന ഇന്ദ്രശാസ്ത്രികൾ കാഴ്ചനമസ്കാരം ചെയ്തു സങ്കീ. [illegible] മത്ത. [illegible]

൨൭. ദൈവപുത്രൻ സർവ്വജ്ഞൻ — കൊലൊ. ൨. ൩

൨൮. ദൈവപുത്രനെ മാലാഖവൃന്ദം നമസ്കാരം ചെയ്യുന്നു — എബ്രാ. ൧. ൬

൨൯. ദൈവവും പിതാവും ഒന്നാകുന്നു — യോ. ൧൦. ൩൦

൩൦. ദൈവവും പിതാവും സമത്വം സർവ്വപ്രഭാവം — ഫിലി. ൨. ൬

൩൧. ദൈവ ത്രിത്വത്തിലുള്ള പുത്രൻ ഉയിർപ്പ് — യോ. ൧൧. ൨൫. ൨൬. ൨൭

൩൨. ദൈവം നിത്യജീവനും ദൈവപുത്രനോ അത്രിത്വവും — ൧ യോ. ൫. ൨൦

൩൩. ദൈവം തന്റെ പുത്രനാൽ സർവ്വസൃഷ്ടിയും ... ആകുന്നു.

(ഒരു അറിയിപ്പ്)

മേലെഴുതിയിരിക്കുന്ന ഒരു ... ദൈവം ... എല്ലാം ... വാക്യങ്ങളും പറയുന്ന ... മേൽകാണിച്ചിരിക്കുന്നു. ... അധികവും ... സംശയം ... സൂചിതിയും ... തെളിവുകളെ കാണിച്ച വിശ്വാസയോഗ്യമാക്കേണ്ടതല്ലയോ ... ന്യായം.

൧൮൦൭ ധനുമാസത്തിലെ സുറിയാനി പരീക്ഷയ്ക്കുള്ള വിഷയങ്ങൾ.

൧. പഴയ നിയമം- കോത്തിനെ മുതൽ ഓശാന ഞായറാഴ്ച വരെയുള്ള ഞായറാഴ്ചകളുടെ കേറിയാനാകൾ.

൨. പുതിയ നിയമം- മർക്കോസിന്റെ സുവിശേഷം, എബ്രായക്കാർക്കുള്ള ലേഖനം, പത്രോസിന്റെ രണ്ടാം ലേഖനം.

൩. ഹൂദായാകാനോൻ. നാലാം അദ്ധ്യായം.

൪. ഇസഹാക്കിന്റെ ഗ്രന്ഥത്തിൽ മെത്രാപ്പാലയെക്കുറിച്ചും ഏസാറാകളെക്കുറിച്ചും ഉള്ള ഭാഗങ്ങൾ.

൫. ഏണ്ടുരക്കസാ അച്ചടിപ്പുസ്തകത്തിൽനിന്ന് ഓശാന, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ്, ഇവകളുടെ ക്രമങ്ങൾ.

൬. വേദവാക്യം. മർക്കോസിന്റെ സുവിശേഷവും ന്യായാധിപതിമാരുടെ പുസ്തകം ൧൩-ാം അദ്ധ്യായം മുതൽ അവസാനം വരെയും.

൭. പരീക്ഷാസമയത്ത് കൊടുക്കപ്പെടുന്ന വിഷയത്തെക്കുറിച്ചോ, വാക്യത്തെക്കുറിച്ചോ, മലയാളത്തിൽ ഒരു പ്രസംഗം എഴുതുക.

൮. സുറിയാനിയിൽ ഒരു പ്രസംഗമോ ലേഖനമോ എഴുതുക.

൯. പഠിക്കാത്ത ഭാഗങ്ങളിൽനിന്ന് സുറിയാനിയും മലയാളവും തർജ്ജിമ.

൧൦. സുറിയാനി വാചകങ്ങളുടെ പിഴ തിരുത്തൽ.

൧൧. സുറിയാനി കേട്ടെഴുത്ത്.

൧൨. നിറങ്ങൾ നോക്കി ചൊല്ലുവാനുള്ളവ.

[illegible]

[illegible]

പട്ടക്കാരുടെ വിദ്യാഭ്യാസം.

ഈ പ്രമേയത്തെക്കുറിച്ചു കുറച്ചു കാലം മുമ്പു ഇടവകപത്രികയിൽ നടന്ന വാദപ്രതിവാദങ്ങൾ നിഷ്ഫലമായിപ്പോയില്ലെന്നുള്ളതു പത്രാധിപരെ നിങ്ങൾക്കു സന്തോഷകരമായിരിക്കുമല്ലോ. വടക്കുള്ള പല ഇടവകകളിലും മലയാം പള്ളിക്കൂടങ്ങളും ഇംഗ്ലീഷ പള്ളിക്കൂടങ്ങളും പുതുതായി ഉണ്ടാകുവാൻ ഇതു ഒരു കാരണവും ആളുകൾക്കു ഉത്സാഹവുമായി തീർന്നിരിക്കുന്നു.

പെരുമ്പാവൂർ സമീപം പ്രാചീന പള്ളികളിൽ ഒന്നായ കുറുപ്പുംപടി പള്ളിക്കാരും പള്ളിയോടു സമീപിച്ചു ഒരു മാളികയിൽ ഒരു പള്ളിക്കൂടം പണിയിച്ചു ഇംഗ്ലീഷും മലയാളവും പഠിപ്പിച്ചുവരുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലൊ. ഈ പള്ളിക്കൂടത്തിലെ വിദ്യാർത്ഥികൾക്കു സമ്മാനദാനം കഴിക്കുന്നതിനു നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസ മെത്രാപ്പോലീത്താ തിരുമനസ്സിലെ വരവു പള്ളിക്കാർ ആഘോഷമാക്കിയ വിവരം പത്രികയിൽ കാണാഞ്ഞതിനാൽ ഞാൻ സ്വല്പം എഴുതിക്കൊള്ളുന്നു. ഈ പള്ളിക്കൂടത്തിൽ ഇപ്പോൾ ൪-ാം ഫാറം വരെയുള്ള ക്ലാസ്സുകളുണ്ടാക്കണമെന്നാണ പള്ളിക്കാരുടെ ഉദ്ദേശം. ഇവിടങ്ങളിൽ ഇംഗ്ലീഷ പഠിച്ച കുട്ടികളെ കിട്ടാൻ മാർഗ്ഗമില്ലാത്തതുകൊണ്ടു ഈ വിധം ക്രമേണ പള്ളിക്കൂടം ഉയർത്തി പ്രവേശിക്കുന്നതല്ലാതെ പെട്ടന്നു ഉയർന്ന ക്ലാസ്സുകൾ ഏർപ്പെടുത്തുവാൻ തരമില്ല. സമ്മാനദാനത്തിനായി സ്ഥലത്തും സമീപവുമുള്ള മാന്യന്മാരെ ഒക്കെയും പള്ളിക്കാർ ക്ഷണിച്ചിരുന്നു. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കത്തനാർ മുതലായ പട്ടക്കാരും പോലീസ ഇൻസ്പെക്ടർ, സാനിട്ടറി ഓഫീസർ മുതലായ ചില ഉദ്യോഗസ്ഥന്മാരും മറ്റു പല യോഗ്യന്മാരും ഹാജരുണ്ടായിരുന്നു. വിദ്യാഭ്യാസത്തെപ്പറ്റി പൊതുവായും കുട്ടികൾക്കു ഗുണദോഷമായും മല്പാൻ അവർകൾ പറഞ്ഞ പ്രസംഗം വളരെ ഉചിതവും സരസവുമായിരുന്നു. അഗ്രാസനാധിപതിയായ തിരുമേനിയും സന്ദർഭോചിതമായ ഒരു പ്രസംഗം കൊണ്ടു കുട്ടികളെയും പള്ളിക്കാരെയും അത്യന്തം പ്രോത്സാഹിപ്പിച്ചു.

കുറുപ്പുംപടി പള്ളിക്കൂടത്തിലെ വിദ്യാർത്ഥികൾ കൂടാതെ ആ ഇടവകയിൽ ഉൾപ്പെട്ട രാമപുരം മലയാം പള്ളിക്കൂടത്തിലെ വിദ്യാർത്ഥികളും ക്ഷണപ്രകാരം ഈ യോഗത്തിൽ ഹാജരാകയും സമ്മാനദാനം കഴിഞ്ഞശേഷം അവരുടെ വകയായി വെള്ളികൊണ്ടുണ്ടാക്കപ്പെട്ട പേനഹോൾഡറും മഷിക്കുപ്പിയും തിരുമനസ്സിലേക്കു അവർ സമർപ്പിച്ചു കൈമുത്തുകയും ചെയ്തു. ഈ രാമപുരം പള്ളിക്കൂടം കുറുപ്പുംപടി ഇടവകയിൽ ദി. ശ്രീ. അറക്കൽ മാത്തു കത്തനാർ അവർകളുടെ മറ്റു ചില മാന്യന്മാരുടെയും ഉത്സാഹത്താലും പരിശ്രമത്താലും നടത്തിവരുന്നതാണ. ഇവിടെ സാധാരണ വിദ്യാഭ്യാസത്തിനുപുറമെ ഞായറാഴ്ചതോറും കുട്ടികളും പ്രായം ചെന്നവരും കൂടി മേല്പറഞ്ഞ കത്തനാരച്ചന്റെ ശ്രമത്താൽ വേദപാഠവും നടത്തിവരുന്നുണ്ടു. മറ്റുള്ള കരകളിലും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി വേദപാഠവും സാമാന്യവിദ്യാഭ്യാസവും നടത്തുവാൻ വിശേഷം പട്ടക്കാർ മുതലപ്പെട്ടു നടത്തുന്നതിനു ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

സൂചനകൾ.

"ഒരു നോമ്പിനെ നഷ്ടപ്പെടുത്തുന്നവൻ ഒരാണ്ടിനെ നഷ്ടപ്പെടുത്തുന്നു", എന്നു ഒരു ഭക്തൻ എഴുതിയിരിക്കുന്നു. വായനക്കാരാ, നിനക്കു കിട്ടിയ ഈ അവസരം നീ ആദായപ്പെടുത്തിയൊ നഷ്ടപ്പെടുത്തിയൊ. നഷ്ടപ്പെടുത്തിയെങ്കിൽ നീ ഒരാണ്ടിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു. വരുന്ന ആണ്ടിൽ ഈ ആദായം അനുഭവിപ്പാൻ നീ ജീവിച്ചിരിക്കുമൊ എന്നു ആർക്കു അറിയാം.

❖ ❖ ❖

യൂറോപ്പിന്റെ തെക്കെഭാഗങ്ങളിൽ ഉള്ള ആംഗ്ലിയസഭക്കാരുടെ മേലധി[illegible]രത്തോടുകൂടി ജിബ്രാൾട്ടർ എന്ന സ്ഥലത്തു ഒരു ആംഗ്ലിയാ ബിഷൊപ്പുണ്ടു. [illegible] ബിഷൊപ്പു ഈയിടെ മരിച്ചുപോകയാൽ പകരം ആ സ്ഥാനത്തേക്കു പ്രൊ[illegible]ർ കോളിൻസ് എന്നൊരാളെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ തിരഞ്ഞെടുപ്പി

റെ സംബന്ധിച്ച ചൎച്ച്ടൈംസ് എന്ന ആംഗ്ലിയാ പത്രത്തിൽ ഒരു ആംഗ്ലിയാക്കാരൻ എഴുതിയിരിക്കുന്ന ലേഖനം ഒരുവക രസകരമായിട്ടുള്ളതാണ. ജിബ്രാൽട്ടർ ഫിക്കഡീസ് എന്ന സ്ഥലങ്ങൾ റോമ്മാ ബിഷോപ്പിന്റെ ഇടവകയിൽ ഉൾപ്പെട്ട സ്ഥലമാകുന്നു. അതിനാൽ അവിടെ ആത്മീയ അധികാരം നടത്തുവാൻ കഡീസ ബിഷോപ്പിനു മാത്രമെ അവകാശമുള്ളു. കാതൊലിക്കാ സഭയിലെ ഒരു ശാഖയുടെ ബിഷോപ്പിന്റെ അധികാരാതൃക്കകത്തു ഒരു ബിഷോപ്പ കയ്യേറ്റം ചെയ്യുന്നതിനോടു സമമാണ ജിബ്രാൽട്ടറിൽ ഒരു ആംഗ്ലിയാ ബിഷോപ്പിനെ നിയമിക്കുന്നതു. ഒരു സ്ഥലത്തു രണ്ടു ബിഷോപ്പന്മാർ ഉണ്ടായിരിപ്പാൻ പ്രാചീന കാനോൻ അനുവദിക്കുന്നില്ല. ഒരുവൻ ന്യായമായ ബിഷോപ്പും മറ്റെയാൾ ശീശമക്കാരനുമായിരിക്കും. അതിനാൽ ഒരു സ്ഥലത്തും ഇതുപോലെ മറ്റു പ്രാചീന ബിഷോപ്പന്മാർ ഉള്ള ഇടവകകളിലും ആംഗ്ലിയാബിഷോപ്പന്മാരനിയമിക്കുന്നതു തെറ്റാണ. ഇപ്രകാരമാണ ഒരു ആംഗ്ലിയാലേഖകന്റെവാദം. മാർതൊമ്മാശ്ലീഹായുടെ കാലംമുതൽ പ്രത്യേക മെത്രാന്മാരുടെ ഇടവകയായ മലയാളത്തു ആംഗ്ലിയാബിഷോപ്പിനെ അയച്ചിട്ടുള്ളവിവരം ആ ലേഖകൻ അറിഞ്ഞാൽ അയാളുടെ അഭിപ്രായം എന്തായിരിക്കുമെന്നു ഊഹിക്കാമെല്ലോ. ക്രിസ്തീയസഹോദരത്വത്തെ കുറിച്ചു പരമാൎത്ഥത്തിൽ വിചാരമുള്ളവർ ഇങ്ങനെ പറയുന്നതു ആശ്ചൎയ്യമല്ല.

❖ ❖ ❖

പൂജാരിവൎഗ്ഗക്കാർ എന്ന മിത്രത്തിൽ വിളിക്കപ്പെടുന്ന ആംഗ്ലിയാ സഭയിലെ കക്ഷികളെ ഇല്ലാതാക്കുവാൻ ശ്രമിച്ചുവരുന്ന കെൻസിററ എന്നയാളെക്കുറിച്ച വായനക്കാർ കേട്ടിരിപ്പാൻ ഇടയുണ്ട. ഇയ്യിടെ മരണപ്പെട്ട വളരെ പശ്ചാത്താപത്തോടു കൂടെ ഹിത്രാം ഒരിക്കൽ പ്രസ്താവിച്ചതായി ഓൎക്കുന്നു. അയാളുടെ മകനും അച്ഛന്റെ തൊഴിൽ തുടങ്ങിയിട്ടുണ്ട. ഒരുയിടെ ഒരു ഞായറാഴ്ച ലണ്ടൻപട്ടണത്തിലെ ഭദ്രാസനപ്പള്ളിയിൽ ലണ്ടൻ ബിഷോപ്പ ഒരു പട്ടം കൊട ശുശ്രൂഷ നടത്തുന്ന സമയം ഈ കെൻസിററു ഒരു ലഹളയുണ്ടാക്കി, പട്ടമേല്ക്കാനുള്ള ആളിനു ആ സ്ഥാനത്തേക്കു യോഗ്യതയില്ലെന്നു കാണിക്കുന്ന വല്ല ന്യൂനതയും ഉണ്ടെങ്കിൽ പ്രസ്താവിക്കണമെന്നു ബിഷോപ്പ വിളിച്ചുപറക പതിവുണ്ട. ഈ ഗഡുവിൽ കെൻസിററും കൂട്ടരും എഴുന്നേറ്റു ഇവർ പൂജാരികളാണെന്നുള്ള ആക്ഷേപം പ്രസ്താവിച്ചു. ഇതു പട്ടത്തിനു തടസ്സമല്ലെന്നു ബിഷോപ്പ പ്രസ്താവിച്ചിട്ടും തക്കാർ പകവയിക്കാഞ്ഞതിനാൽ കെൻസിററിനെയും കൂട്ടരെയും പൊലിസ ബന്തോവസ്തിൽ ആക്കിവെച്ചുകൊണ്ട പട്ടംകൊട നടത്തിയതു. ഹിത്രാഹിപർ ഈ കൂട്ടത്തിൽ ഉണ്ടായിരുന്നെങ്കിൽ ആംഗ്ലിയാസഭയുടെ ഉപദേശം അറിയാതെ പ്രവൃത്തിക്കുന്ന ലണ്ടൻബിഷോപ്പിന്റെ കൃത്യത്തെ കെൻസിററ മുതൽപേരോടുകൂടെ ചേൎന്ന എതിൎക്കുകയും ചെയ്യുവാൻ ഇടയുണ്ടായിരുന്നു.

❖ ❖ ❖

ആംഗ്ലിയാസഭയിലെ കക്ഷികളെക്കുറിച്ചു പറയുമ്പോൾ നമ്മുടെ മലയാളമിത്രം "സുവിശേഷ ഭാഗക്കാർ" എന്നും "പൂജാരിവൎഗ്ഗക്കാർ" എന്നും പറയാറുണ്ടെല്ലൊ. "പൂജാരികൾ" എന്ന മിത്രം പറയുന്നതു ഹൈചൎച്ചുകാരെക്കുറിച്ചും "സുവിശേഷ ഭാഗക്കാർ" എന്നു പറയുന്നതു മിത്രം ആരെ പ്രതിനിധീകരിക്കുന്നുവൊ ആ ലൊചൎച്ചുകാരെയും കുറിച്ചാകുന്നു. ലൊചൎച്ചു ഭാഗത്തിൽ ഉൾപ്പെട്ട ഒരു വൈദികൻ ബിലാത്തിയിൽ ബൎക്ലി എന്ന സ്ഥലത്തെ ഇടവകപള്ളിയിൽ പോയ നവംബർ മാസം ൨൨-ാം൹ പറഞ്ഞ ഒരു പ്രസംഗത്തിൽ കന്യാസ്ത്രീയിൽനിന്നുള്ള കൎത്താവിന്റെ ജനനം, തന്റെ ഉയിൎപ്പ, സ്വൎഗ്ഗാരോഹണം, പുതിയനിയമത്തിൽ പറയുന്ന അതിശയങ്ങൾ ഇവയെല്ലാം ഒരുവക കെട്ടുകഥകൾ ആണെന്നും സഭയിൽ ഉന്നതസ്ഥാനത്തിൽ ഇരിക്കുന്ന പലരും (ബിഷോപ്പന്മാരിൽ പലരും) ഈ അഭിപ്രായക്കാരാണെന്നും പ്രസ്താവിക്കയുണ്ടായി. സുവിശേഷ ഭാഗക്കാർ എന്നുള്ള നാമത്തിനു അവകാശം പറയുന്നവരുടെ സുവിശേഷതത്വങ്ങൾ ഇപ്രകാരമായിരിക്കും.